# ഗീതാഞ്ജലി

കൈകളിലും കാൽകളിലും തളയിട്ടു സംസ്കാരം
ചാട്ടവാറോങ്ങി ത്തുറിച്ചു നോക്കേ

പിടയുന്ന മർത്യൻെറ കണ്ണുനീരൊപ്പുവാൻ
സുദൃഢമാം കൈത്തലമൊന്നു നീണ്ടു.

ഉണരുന്ന മനുജൻെറ ധീരതയാക്കൺകളിൽ
കരളിലോ പതയുന്നൊരാത്മ വീര്യം.

ഇവിടെ, ത്തിളയ്ക്കുന്ന മണ്ണിൻെറ വേദന
അവഗണിച്ചവിടെ വനാന്തരത്തിൽ

പുലിവാലും തോലുമായ്ക്കഴിയാതെ, മന്നിൻെറ
വറുതികൾ തിങ്ങുമീ നാട്ടിടയിൽ

മനുജത്വ സ്നേഹമേ! നീയണഞ്ഞില്ലെങ്കിൽ
ഇതുവിധമായിരിക്കില്ല ചിത്രം.

അഭിമാന പുളകിതരാണു പോലവരെന്നും
ഋഷിനാടിൻ സംസ്കാര സിദ്ധികളിൽ!

ഹിമഗിരി ശൃംഗത്തിൽ കാലും പിണച്ചവർ
മനുജന്നു നൻമകൾ നേർന്നിടുമ്പോൾ

അവിടുന്നിറങ്ങി നടന്നീ വഴികളിൽ
അവശൻമാർ തിങ്ങുമീ ക്കവലകളിൽ.

യുഗമേഖലകളിൽ കാണ്ണച്ചവിട്ടേറ്റു
പിടയുന്ന മർത്യനെ, യങ്ങു കണ്ടു.

കരയുവാനല്ലാതെ, കൈചൂണ്ടി നില്ക്കുവാൻ
അതുവരെ ക്കഴിയാതിരുന്ന വർഗ്ഗം

ഒരമിച്ചൊരുമിച്ചണിനിരന്നെത്തുമാ
മധുരോജ്വല സ്വപ്നങ്ങൾ ചുരുൾ വിടർത്തേ

അവരുടെ, യണികളിൻ മുന്നിൽ നിന്നൊരു ധീര–
ശബ്ദം മുഴങ്ങി സുവ്യക്തമായിഃ

"തട്ടി നിരത്തുക കൂരിരുൾക്കോട്ടകൾ
പൊട്ടിച്ചെറികയിക്കൈവിലങ്ങും".

അതു കേട്ടു ഞെട്ടിത്തെറിച്ചവരൊക്കെയും
നിലവിട്ടു നോക്കിപ്പകച്ചു നിന്നു.

പഴകി ദ്രവിച്ചോരാ സംസ്കാരപ്പുറ്റുകൾ
ഇട വിടർത്താടുവാൻ വെമ്പി നിന്നു.

തകരേണ്ടതൊക്കെയും തട്ടിത്തകർത്തുകൊ–
ണ്ടല തല്ലിയക്കാറ്റു കേരളത്തിൽ.

തല പൊക്കി, യാത്മാഭിമാനം തുടിക്കുന്ന
വിരിമാറു കാട്ടിയിക്കേരളത്തിൽ

തളരാതെ നില്ക്കുകയാണിന്നു നമ്മളീ
മണമുള്ള മണ്ണിൻെറ പിൻമുറക്കാർ.



ശാന്തഗംഭീരനാ, യവിടുന്നീക്കുന്നിലെ
തൂവെള്ള മണലിലുറങ്ങിടുന്നു.

അകലെ നിന്നെത്തിയോരെൻെറ കൈക്കുമ്പിളിൽ
മണമുള്ള പൂവില്ല, തളിരുമില്ല.

പകരമായ്, നിസ്വനാമെൻെറ ഗീതാഞ്ജലി
കനിവാർന്നു ഗുരുദേവ! സ്വീകരിക്കൂ. ■ 1955